# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 18**

---

## ഡോ. ഗൗതം ചന്ദ്രയ്ക്ക് ഏഴു കോടി രൂപയുടെ ഐ.സി.എം.ആർ ഗ്രാന്റ്

*ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ(ഐ.സി.എം.ആർ) ഫസ്റ്റ് ഇൻ ദ വേൾഡ് ചലഞ്ച് ഗ്രാന്റിന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ചിലെ ശാസ്ത്രജ്ഞൻ ഡോ. ഗൗതം ചന്ദ്ര അർഹനായി.*

*4ഡി ബയോ പ്രിന്റിംഗിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നാഡീ കോശങ്ങൾ പുനർസൃഷ്ടിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനാണ് ഏഴു കോടി രൂപയുടെ ഗ്രാന്റ്. തലച്ചോറിനും നാഡീവ്യൂഹത്തിനുമുണ്ടാകുന്ന പരിക്കുകളുടെ ചികിത്സയിൽ ഏറെ നിർണായകമാകുന്ന പഠനമാണിത്.*

*ചന്ദ്രയാൻ 3 പദ്ധതിയുടെ ചുവടുപിടിച്ച് ആരോഗ്യ ഗവേഷണ മേഖലയിലും ആഗോളതലത്തിൽ ശ്രദ്ധേയമാകുന്ന പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഐസിഎംആർ ശാസ്ത്രജ്ഞർക്കായി ഫസ്റ്റ് ഇൻ ദ വേൾഡ് ചലഞ്ച് ഏർപ്പെടുത്തിയിരിക്കുന്നത്. അതിസങ്കീർണമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നൂതന ആശയങ്ങൾക്കാണ് മുൻഗണന. ഡോ. ഗൗതം ചന്ദ്രയുടെ നേതൃത്വത്തിലുള്ള പ്രാഥമിക പഠനം വിജയകരമായാൽ വിപുലമായ ഗവേഷണത്തിലൂടെ നാഡിവ്യൂഹ ചികിത്സയിൽ വലിയ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് ഐ.സി.എം.ആർ അറിയിച്ചു.*

*പശ്ചിമ ബംഗാൾ സ്വദേശിയാണ് ഡോ. ഗൗതം ചന്ദ്ര. കോട്ടയം മെഡിക്കൽ കോളജിലെ ന്യൂറോ സർജറി വിഭാഗത്തിലെ ഡോ. പ്രസൺജിത് സഹ, സെന്റർ ഫോർ പ്രഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ ഡോ. സിബി പി. ഇട്ടിയവിര, ഐയുസിബിആർ ഡയറക്ടർ ഡോ. കെ.പി. മോഹനകുമാർ, ഐയുസിബിആറിലെ ഡോ. രാജേഷ് എ ഷേണായ്, ഡോ. ഉഷ രാജമ്മ, ഡോ. ശ്രീതമ സെൻ എന്നിവർ ഈ*

*പഠനത്തിൽ സഹഗവേഷകരാണ്. ഗവേഷണ വിദ്യാർഥികളായ ജിംന മുഹമ്മദ് അമീർ, ആനന്ദ് കൃഷ്ണൻ എന്നിവരും പദ്ധതിയുടെ ഭാഗമാണ്.*

*ദേശീയ തലത്തിൽ ഗ്രാന്റിന് തിരഞ്ഞെടുക്കപ്പെട്ട 27 ശാസ്ത്രജ്ഞരിൽ ഡോ. ഗൗതം ചന്ദ്ര ഇടം നേടിയത് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അഭിമാനകരമാണെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

*ഫോട്ടോ ക്യാപ്ഷൻ...*

ഡോ. ഗൗതം ചന്ദ്ര

*(പി.ആർ.ഒ/39/1392/2025)*

## ബാലാവകാശം; അന്താരാഷ്ട്ര പരിശീലന പരിപാടി ഇന്നുമുതൽ

*മഹാത്മാ ഗാന്ധി സർവകലാശാല ആതിഥ്യം വഹിക്കുന്ന അന്താരാഷ്ട്ര ബാലാവകാശ പരിശീലന പരിപാടിക്ക് ഇന്ന് (മാർച്ച് 19) തുടക്കം. രാവിലെ പത്തിന് പേരൂർ കാസ മരിയ സെന്ററിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.*

*ബാലാവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പരിപാടി(ചൈൽഡ് റൈറ്റ്സ് പ്രാക്ടിക്കം) മാർച്ച് 28 വരെ നീണ്ടുനിൽക്കും. ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും ബാലാവകാശം, നിയമം, നയരൂപീകരണം എന്നീ മേഖലകളിലെ വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, തുടങ്ങിയവർ പങ്കെടുക്കും.*

*ഉദ്ഘാടനച്ചടങ്ങിൽ ന്യൂയോർക്ക് ക്ലാർക്ക്സൺ സർവകലാശാലയിലെ ഡോ. ജീൻ എലിസബത്ത് ഡീ വാട്ടേഴ്സ് മുഖ്യാതിഥിയാകും. മലങ്കര സഭ മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വ മാർ ഇ്ഗ്നാത്തിയോസ് മുഖ്യ പ്രഭാഷണം നടത്തും. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് മേധാവി ഡോ. ജെ.വി. ആശ, അധ്യക്ഷത വഹിക്കും.*

*സംഘാടക സമിതി സെക്രട്ടറി ഡോ. സിബു ജി. നെറ്റോ, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ജി മോഹൻ, ചെങ്ങന്നൂർ മാർ ഇവാനിയോസ് കോളജ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കെ. പിള്ള, പ്രഫ. സജ്ന ജലീൽ, ഡോ. കെ.വി. മുഹമ്മദ്, ഡോ. എസ്. സ്മിത എന്നിവർ സംസാരിക്കും.*

*സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ മൗലാനാ അബുൾ കലാം ആസാദ് ചെയർ ഫോർ സ്റ്റഡീസ് ഓൺ നാഷണൽ*

*ഇൻറഗ്രേഷൻ, ചൈൽഡ് റൈറ്റ്സ് സെൻറർ, ചെങ്ങന്നൂർ മാർ ഇവാനിയോസ് ലോ കോളജ്, സെൻറർ ഫോർ റിസർച്ച് ഇൻ ചൈൽഡ് റൈറ്റ്സ് ആൻറ് ഡവലപ്മെൻറ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*ഇന്ത്യയിലും രാജ്യാന്തര തലത്തിലും ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ, മികച്ച മാതൃകകൾ, കുട്ടികളുടെ സംരക്ഷണത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. പ്രായോഗിക പരിശീലന പരിപാടികൾ, സംവാദങ്ങൾ, ഫീൽഡ് വിസിറ്റ് എന്നിവയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.*

*(പി.ആർ.ഒ/39/1392/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ബിപിഇഎസ് (നാല് വർഷ ഇൻ്റഗ്രേറ്റഡ് പ്രോഗ്രാം-2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ നാലു മുതൽ നടക്കും. മാർച്ച് 24 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 25 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 26 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1392/2025)*

## പരീക്ഷാ ഫലം

*ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻ്റ് സ്പോർട്സ് (2021 അഡ്മിഷൻ റഗുലർ, 2016 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ജൂലൈ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1393/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ